"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി.നിഷ. സി.എച്ച് സമർപ്പിച്ച അനക്സർ എ10, എ11 നിവേദനങ്ങളിലെ സാനിറ്ററി ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ് പുനരുജ്ജീവിപ്പിച്ചോ അല്ലെങ്കിൽ അപേക്ഷകയ്ക്ക് പ്രത്യേക ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകുകയോ ചെയ്യണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.689/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/03/2021

---

പരാമർശം:- 1 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 28.09.2020 ലെ OA(EKM)1446/2020 നം. ഉത്തരവ്

2 പഞ്ചായത്ത് ഡയറക്ടറുടെ 17/12/2020 ലെ PAN/7728/2020-E14(DP) നം. കത്ത്

ഉത്തരവ്

1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീമതി.നിഷ. സി.എച്ച് സമർപ്പിച്ച OA(EKM)1446/2020 നമ്പർ ഹർജിയിൽ ബഹു. ട്രിബ്യൂണൽ പരാമർ ശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ടി ഉത്തരവ് കൈപ്പറ്റി രണ്ട് മാസത്തിനകം അനക്സർ എ10, എ11 നിവേദനങ്ങളിൻമേൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാൻ ഒന്നാം എതിർ കക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചു.

2. കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ സാനിറ്ററി ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിനായി കേരള പബ്ലിക് സർവീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽ 2 -ാം റാങ്ക് കരസ്ഥമാക്കിയിട്ടും അപേക്ഷകയ്ക്ക് നിയമനം ലഭിച്ചില്ലെന്നും 30.08.2016 ൽ 3 സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുകയും പി.എസ്.സി മുഖാന്തിരം നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും നിയമനം നടത്തിയില്ലെന്നും സാനിറ്ററി ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിന്റെ കാലാവധി 03/07/2017 ന് അവസാനിച്ചതായും Cat No. 339/2009 റാങ്ക് ലിസ്റ്റ് പുനരുജ്ജീവിപ്പിച്ചോ അല്ലെങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും പരാതിക്കാരിയെ സൂപ്പർന്യൂമററി തസ്തികയിൽ ഒരു പ്രത്യേക ഉത്തരവിൽ നിയമിച്ചോ സങ്കട നിവൃത്തി വരുത്തി തരണമെന്ന് അപേക്ഷിച്ച് പരാതിക്കാരി ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്കും ബഹു. മുഖ്യമന്ത്രിക്കും സമർപ്പിച്ച 26/05/2020 തീയതിയിലെ നിവേദനങ്ങളാണ് അനക്സർ എ10, എ11 എന്നിവ.

3. കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയിലേക്ക് കാറ്റഗറി നമ്പർ 339/2009 ആയി 03.07.2014 ൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ അപേക്ഷക രണ്ടാം റാങ്ക് ആയി ഉൾപ്പെട്ടിട്ടുണ്ടായിരുന്നു. ലിസ്റ്റിന്റെ കാലാവധി 03.07.2017 ൽ അവസാനിച്ചതിനാൽ നിയമനം ലഭിച്ചിട്ടില്ല. കോഴിക്കോട് ജില്ലയിൽ 7 ഗ്രാമപഞ്ചായത്തുകളിലാണ് സാനിട്ടറി ഇൻസെക്ടർ തസ്തികകളുള്ളത്. സാനിട്ടറി ഇൻസ്പെക്ടർ തസ്തികകളുണ്ടായിരുന്ന 3 ഗ്രാമപഞ്ചായത്തുകൾ കോഴിക്കോട് കോർപ്പറേഷനിലേക്ക് കൂട്ടിച്ചേർത്തതിനാൽ മേൽ ലിസ്റ്റിൽ നിന്നും

പി.എസ്.സി നിയമന ശുപാർശ നൽകിയ രണ്ട് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ കഴിയാതിരുന്നതിനാൽ, സ.ഉ.(കൈ)നം 2559/2016/തസ്വഭവ തീയതി. 30.08.2016 പ്രകാരം 2 സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിരുന്നു. സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ചിട്ടുള്ള 2 തസ്തികയിൽ ഒന്നിൽ പി.എസ്.സി വഴി നിയമനം നൽകിയിട്ടുള്ളതും, ഒരു സൂപ്പർ ന്യൂമററി തസ്തികയിലേക്ക് ടി ലിസ്റ്റിൽ നിന്നും 03.10.2017 ൽ നിയമന ശുപാർശ നൽകിയ ശ്രീ.ബിനീഷ്.വി.പി. എന്ന ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതും ടി വിവരം പി.എസ്.സി യെ അറിയിച്ചിരുന്നെങ്കിലും ടി നിയമന ശുപാർശ റദ്ദ് ചെയ്തിട്ടുണ്ടെന്നും എൻ.ജെ.ഡി ആയി വീണ്ടും റിപ്പോർട്ട് ചെയ്യേണ്ടതില്ലെന്നും, ടി തസ്തിയുടെ റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലില്ല എന്നും പി.എസ്.സി ജില്ല ആഫീസർ അറിയിച്ചതായി കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 03.07.2017 ൽ അവസാനിച്ച കോഴിക്കോട് ജില്ലയിലെ സാനിറ്ററി ഇൻസ്പെക്ടർ തസ്തികയുടെ റാങ്ക് പട്ടിക പുന:രുജ്ജീവിപ്പിക്കാൻ സാധിക്കാത്തതിനാലും കൂടാതെ അപേക്ഷകയ്ക്ക് പ്രത്യേകം ഉത്തരവ് പ്രകാരം സൂപ്പർന്യൂമററി നിയമനം നൽകുവാൻ സാധിക്കാത്തതിനാലും ശ്രീമതി.നിഷ. സി.എച്ച് സമർപ്പിച്ച അനക്സർ എ10, എ11 നിവേദനങ്ങളിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പരാമർശം (1) ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

ശ്രീമതി. നിഷ. സി.എച്ച്, അമ്പിളി ഹൗസ്, പി.ഒ പാലയാട് നട പി.ഒ, ഇരിങ്ങൽ വഴി, വടകര, കോഴിക്കോട് - 673521

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/139/2020-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ